# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/60/2017 പത്രക്കുറിപ്പ് 2017 മാർച്ച് 20

**പരീക്ഷാ തീയതി.**

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ(2015 അഡ്മിഷൻ റഗുലർ & 2009 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 30വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഏപ്രിൽ 3 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ്കീം - 2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി/പഴയ സ്കീം 2014 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 30വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഏപ്രിൽ 3 വരെയും സ്വീകരിക്കും.

ബി.എസ്സി. നഴ്സിങ്ങ് (2002 - 2006 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അവസാന മേഴ്സിചാൻസ് പഴയ സ്കീം- ഒന്നു മുതൽ നാലു വരെ വർഷ) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 20 ന് ആരംഭിക്കും.

ഒന്നാം വർഷ ബി.എസ്സി മെഡിക്കൽ മൈക്രോബയോളജി(പുതിയ സ്കീം-2015 അഡ്മിഷൻ സപ്ലിമെന്ററി & പഴയ സ്കീം 2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 18 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 27വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി- 2016 അഡ്മിഷൻ റഗുലർ (ഡിപ്പാർട്ട്മെന്റ് മാത്രം)/2009 മുതലുള്ള അഡ്മിഷൻ -റഗുലർ/സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജ്, ഡിപ്പാർട്ട്മെന്റ്) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 27വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഏപ്രിൽ 5 വരെയും സ്വീകരിക്കും.

പത്തനംതിട്ട യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിഷറി ബയോളജി & അക്വാകൾച്ചർ പരീക്ഷകൾ ഏപ്രിൽ 6 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 23വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27വരെയും സ്വീകരിക്കും.

**അപേക്ഷാതീയതി**

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ് (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 24വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 29വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്ത ഫോമുപയോഗിക്കുന്നവർ 20 രൂപ അപേക്ഷാ ഫോമിന്റെ വിലയായും റഗുലർ വിദ്യാർത്ഥികൾ 100 രൂപയും അടക്കണം. പരീക്ഷാതീയതി പിന്നീട്. 2016 ന് മുൻപുള്ള അഡ്മിഷൻ/മേഴ്സിചാൻസ് പരിക്ഷകൾക്ക് പണമടക്കാനുള്ള തീയതി പിന്നീട്.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി-2013 & 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 24വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 29വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്ത ഫോമുപയോഗിക്കുന്നവർ 20 രൂപ അപേക്ഷാ ഫോമിന്റെ വിലയായി അടക്കണം, ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസ് നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ 50 രൂപ രജിസ്ട്രേഷൻ ഫിസായും, ഇന്റേർണൽ റീ ഡു ചെയ്യുന്നവർ 100 രൂപയും 25 രൂപ മാർക്ലിസ്റ്റിന്റെ വിലയായും, പ്രെജക്ട് ഇവാല്യൂവേഷൻ ചെയ്യുന്നവർ 100 രൂപയും സി.വി ക്യാമ്പ് ഫീസിനും നിശ്ചിത പരീക്ഷാഫീസിനും പുറമേ അടക്കണം. പരിക്ഷാതീയതി പിന്നീട്.

മേഴ്സി ചാൻസ് ബി.എഡ്. (2009 മുതൽ 2012 വരെയുള്ള അഡ്മിഷൻ/2000 മുതൽ 2008 വരെയുള്ള അഡ്മിഷൻ ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 7വരെയും അപേക്ഷിക്കാം. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. ആദ്യത്തെ മേഴ്സിചാൻസ് വിദ്യാർത്ഥികൾ 5000 രൂപയും, വീണ്ടുമെഴുതുന്നവർ 7000 രൂപയും, അവസാന മേഴ്സി ചാൻസ് എഴുതുന്നവർ 10000 രൂപയും

സെപ്ഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരിക്ഷാതീയതി പിന്നീട്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 27 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം (കംപ്യൂട്ടർ അപ്ലിക്കേഷൻ - സി.ബി.സി.എസ്.എസ് 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഐ.റ്റി ഫോർ ബിസിനസ്സ് പ്രാക്ടിക്കൽ മാർച്ച് 24 ന് അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മാർച്ചിലെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് പരിക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ പത്ത് മുതൽ 22 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും.

**പരിക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (സി.എസ്.എസ്-തടഞ്ഞു വച്ച ഫലം) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമണിലെ മിനു എലിസബത്ത് ജോർജ്ജ്, കോട്ടയം സി.എം.എസ് കോളേജിലെ ഹരിപ്രിയ. ഡി, കോട്ടയം ബി.സി.എം കോളേജിലെ അന്ന മരിയ സൈമൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 1 വരെ സ്വികരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി/ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി & പോളിമർ കെമിസ്ട്രി (സി.എസ്.എസ്-റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 3 വരെ സ്വികരിക്കും.

2015 ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എസ്‌സി. ഐ.റ്റി.സി.സി സപ്ലിമെന്ററി (2010 ന് മുൻപുള്ള അഡ്മിഷൻ - മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 24 വരെ സ്വികരിക്കും.

2015 ഒക്ടോബറിൽ നടത്തിയ എം.കോം (2001 അഡ്മിഷനു മുൻപുള്ള റഗുലർ/2002 അഡ്മിഷനു മുൻപുള്ള പ്രൈവറ്റ് മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 30 വരെ സ്വികരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്-റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 30 വരെ സ്വികരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ ന്യായ, വ്യാകരണ, വേദാന്ത, സാഹിത്യ/ എം.എ അറബിക് (സി.എസ്.എസ്- റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 29 വരെ സ്വികരിക്കും.

2016 ഡിസംബറിൽ നടത്തിയ മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 30 വരെ സ്വികരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ചരിത്രം (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ റോബിൻ ആന്റണി, പാലാ സെന്റ് തോമസ് കോളേജിലെ ഹെലീന ട്രീസാ മാത്യൂ, വളയൻ ചിറങ്ങര ശ്രീശങ്കരാവിദ്യാപീഠം കോളേജിലെ രസ്ന രവീന്ദ്രൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**ഓഫ് കാമ്പസ് പരീക്ഷകളുടെ ചീഫ് സൂപ്ര ് നിയമനം**

2017 ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കുന്ന ഓഫ് കാമ്പസ് പരീക്ഷകൾക്ക് വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടായി നിയമിക്കപ്പെടുവാൻ താത്പര്യമുള്ള എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഗവ : എയ്ഡഡ് കോളേജുകളിലെയും ഡിപ്പാർട്ടുമെന്റുകളിലേയും അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ മാർച്ച് 23 ന് മുൻപായി സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് സമർപ്പിക്കേതാണ്.

**ഹൈലികോറിലേറ്റഡ് സിസ്റ്റം : ത്രിദിന അന്താരാഷ്ട്ര സെമിനാർ**

മഹാത്മാഗാന്ധി സർവകലാശാലാ ഭൗതികശാസ്ത്ര പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹൈലികോറിലേറ്റഡ് സിസ്റ്റം എന്ന വിഷയത്തിൽ മാർച്ച് 25 മുതൽ ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നു. വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ത്രിദിന സെമിനാറിൽ സ്വീഡൻ. ഓസ്ട്രിയ, യു.കെ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നിന്നും രാജ്യത്തിനകത്തുനിന്നുമുള്ള അതിപ്രഗല്ഭരായ ഭൗതിക ശാസ്ത്രജ്ഞൻമാരും ഗവേഷണ വിദ്യാർത്ഥികളും പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9497541107, ഇ മെയിൽ : www.imhcs.iiucnn.org.

**KMAT KERALA MBA 2017 പ്രവേശന പരീക്ഷ ഏപ്രിൽ 2 ന്**

എം.ജി യൂണിവേഴ്സിറ്റിയറുടെ ആഭിമുഖ്യത്തിലും മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന 2017-18 ലെ MBA പ്രവേശന പരീക്ഷ ആയ KMAT KERALA ഏപ്രിൽ 2 ന് നടത്തുന്നതാണ്. KMAT, CMAT, CAT എന്നീ പ്രവേശന പരീക്ഷകളിൽ നിന്ന് മാത്രമേ MBA പ്രവേശനം ലഭിക്കുകയുള്ളൂ. 2017 അധ്യായന വർഷം മുതൽ യാതൊരു കാരണവശാലും MAT അനുവദിക്കുന്നതല്ല. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ഏപ്രിൽ 2 ന് നടക്കുന്ന പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റ് മാർച്ച് 23 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ : 0471 - 2335133, 8547 255 133.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**